# അഞ്ചു കവിതകൾ
# സച്ചിദാനന്ദൻ

## സ്ത്രീകൾ

ഒരു സ്ത്രീ ചായമടർന്നു പോയ വീടു തലയിലേറ്റി
വിതുമ്പിക്കരഞ്ഞ് തിരക്കിട്ട് നടക്കുന്നു
ഒരു  സ്ത്രീ ഒരു വണ്ടിയും നിർത്താത്ത
ഒരു സ്റ്റേഷനിൽ വണ്ടി കാത്തു നിൽക്കുന്നു

ഒരു സ്ത്രീ മിന്നാമിനുങ്ങുകളാൽ ചുറ്റപ്പെട്ട്
കൂരിരുട്ടിൽ നക്ഷത്രങ്ങളിലേയ്ക്കു നടക്കുന്നു
ഒരു സ്ത്രീ പറക്കും മുൻപ് തന്റെ ചിറകുകൾ
സ്ഥാനത്തു തന്നെയില്ലേ എന്നുറപ്പു വരുത്തുന്നു

ഒരു സ്ത്രീ ഒരു മേഘവും ചുമലിൽ വെച്ച്
വരണ്ട വയലിലേയ്ക്കിറങ്ങുന്നു
ഒരു സ്ത്രീ പാട്ടു പാടി ഇല കൊഴിഞ്ഞ
ഫലവൃക്ഷങ്ങളെ പൂവണിയിക്കുന്നു

ഒരു സ്ത്രീ തീ വെയ്ക്കപ്പെട്ട തന്റെ പുരയ്ക്കകത്ത്
ചാരത്തിൽ ഒരു തീക്കനലായി തിളങ്ങുന്നു
ഒരു സ്ത്രീ പോർവിമാനം താണുവരുന്നത് കണ്ട്
കുഞ്ഞിനെയെടുത്തു അതിർത്തിലേയ്ക്കോടുന്നു

ഒരു സ്ത്രീ അക്ഷരങ്ങൾ കൂർപ്പിച്ച് അലറുന്ന
ഇരുട്ടിന്റെ ദംഷ്ട്രകൾ അടർത്തിയെടുക്കുന്നു

ഒരു സ്ത്രീ വീടിന്റെ വാതിൽ ഇടിവെട്ടും പോലെ
വലിച്ചടച്ച് തെരുവിലിറങ്ങി മൂളിപ്പാട്ടു പാടുന്നു

ഒരു സ്ത്രീ കുരിശിലേറിയ യേശുവിന്റെ രൂപം നോക്കി
മകനേ, എന്റെ മകനേ, എന്ന് അലമുറയിടുന്നു
ഒരു സ്ത്രീ ഖജുരാഹോവിലെ തൂണിലെ പുരുഷനെ
വിട്ടിറങ്ങി തന്റെ ആനന്ദം തന്നിൽ തന്നെ കണ്ടെത്തുന്നു

ഒരു സ്ത്രീ നോക്കി നോക്കി നിൽക്കെ പേശികളുറച്ച്
കരിങ്കല്ലിൽ തീർത്ത ദേവതയായി മാറുന്നു
ഒരു സ്ത്രീ കാട്ടരുവിയിലെ ഒരു പാറയിലുരച്ച്
തന്റെ അരിവാളിന് വീണ്ടും വീണ്ടും മൂർച്ച വരുത്തുന്നു

ഒരു സ്ത്രീ യന്ത്രത്തോക്കിനു മുകളിൽ കയറിയിരുന്ന്
ചന്ദ്രന്റെ ചിരിയുമായി  പട്ടാളക്കാർക്ക് പൂ നീട്ടുന്നു
ഒരു സ്ത്രീ ഭൂമിയിലെ വാസം മടുത്ത് സ്വന്തം അസ്ഥിയാൽ പണിത
വാഹനത്തിൽ ശൂന്യാകാശത്തിലേക്ക് യാത്ര തിരിക്കുന്നു

ഒരു പുരുഷൻ റോഡു മുറിച്ചു കടക്കാൻ ഭയന്ന്
നിന്നിടത്തു തന്നെ അമ്പരന്നു നിൽക്കുന്നു.

## ഒരു ചെറിയ വസന്തം

ഒരു ചെറിയ വസന്തം,
ഒരളുക്കിലൊതുക്കാവുന്നത്
അഥവാ ഒരു കൃഷ്ണമണിയിൽ.

അത്ര മേൽ തീക്ഷ്ണമായിരുന്നു

അതിന്റെ നിറങ്ങളും മണങ്ങളും
നീണ്ടു നിൽക്കാൻ കഴിയുമായിരുന്നില്ല ,
ചില കൌമാരപ്രണയങ്ങൾ പോലെ.

ഒരു ചെറിയ വസന്തം,
ഹേമന്തം വന്നതറിയാതെ
തെറ്റിപ്പൂത്ത വാകമരം പോലെ.

അത് ഇത്ര വേഗം പോയോ എന്ന്
കാറ്റിനോട് ഞാൻ ചോദിച്ചു
ഒരു ചാറ്റൽമഴ മാത്രമായിരുന്നു  മറുപടി
അതിൽ ചില ഇതളുകളുണ്ടായിരുന്നു
ആയുസ്സിന്റെ കണക്കുപുസ്തകത്തിൽ
ദൈവം സൂക്ഷിച്ചു വെച്ചിരുന്നത്,
ഉണങ്ങിച്ചുളുങ്ങാൻ തുടങ്ങിയിരുന്നതിനാൽ
ലിപി വായിക്കാനായില്ല.

ഒരു ചെറിയ വസന്തം
വേനലിനേക്കാൾ പൊള്ളിക്കുന്നത്
ആനന്ദം കൊണ്ടു നീറുന്നത്.

ഞാൻ ഉമ്മ വെയ്ക്കുന്നതു നിർത്തി ,
ഇറുകിയ കറുത്ത ഉടുപ്പിട്ട
ഏകാന്തതയെ ഒഴികെ.

ഞാൻ ജനൽ മലർക്കെ തുറന്നിടുന്നു,
തൂവിപ്പോയ വീഞ്ഞ് എന്നെ എടുത്തുയർത്തൂ
എന്നു ആവേശത്തോടെ പറഞ്ഞ്

കോപ്പയിലേക്ക് തിരിച്ചു വരുമ്പോലെ
അതെങ്ങാൻ തിരിച്ചു വന്നാലോ?

ഒരു ചെറിയ വസന്തം, ഒരാന്തൽ,
എന്റെ ചുണ്ടുകൾ തരിക്കുന്നു.
ചിയേഴ്സ്!

## ശിൽപ്പം

ഒരു ശിൽപ്പിയുടെ ഉളി
കാട്ടുപൂക്കളുടെ മണമുള്ള കാറ്റിൽ
ഒരു ശിൽപ്പം കൊത്തുന്നു.

ഒരു തോണിക്കാരന്റെ രാനിറമുള്ള  പങ്കായം
പുഴത്തിരകൾ കൊണ്ട്
ഒരു ശിൽപ്പം കൊത്തുന്നു.

ഒരു വൈമാനികന്റെ പരിശീലനം ലഭിച്ച
വിരലുകൾ മേഘാവൃതമായ ആകാശത്തിൽ
ഒരു ശിൽപം കൊത്തുന്നു.

ഞാനോ, പേനയുടെ മൂർച്ച കൊണ്ട്
പണിതുകൊണ്ടിരിക്കുന്നു,
ഒരിക്കലും പണി തീരാത്ത
വാക്കുകളുടെ ഒരു ശിൽപ്പം.

കടലാസ്സിന്റെ മൃദുലതയിൽ നിന്ന്

അതു തെന്നിത്തെന്നിപ്പോകുന്നു
എന്റെ വിരലുകൾ വിറയ്ക്കുന്നു,
ഞാൻ പണിയുന്നത്,
പണിയാൻ നിന്നുതരാത്ത
കാലത്തിലാണെന്ന പോലെ.

## പക്ഷികൾ എന്റെ പിറകെ വരുന്നു

പക്ഷികൾ എന്റെ പിറകെ വരുന്നു,
ഞാൻ നടക്കുന്ന ഒരു വൃക്ഷമാണെന്ന പോലെ.

ഞാൻ അവയ്ക്കു വേണ്ടി വലുതാകുന്നു,
റഷ്യൻ കുട്ടിക്കഥയിൽ മഴയിൽ നിന്ന്
ജന്തുകൾക്ക് അഭയം നൽകാൻ
വീർത്തു വരുന്ന കൂണിനെപ്പോലെ:

എനിക്ക് അനേകം കയ്യുകൾ മുളയ്ക്കുന്നു.
തത്തകൾക്കു വേണ്ടി കാലിൽ നിന്ന്,
കാക്കകൾക്കു വേണ്ടി അരയിൽ നിന്ന്
പിന്നെ കൊക്കുകൾക്കും പരുന്തുകൾക്കും
പൊന്മകൾക്കും കൂമന്മാർക്കും വേണ്ടി
വയറിലും മുതുകിലും നിന്ന്
ഓലേഞ്ഞാലികൾക്കും അടയ്ക്കാക്കിളികൾക്കും
വേണ്ടി കൊച്ചു ചില്ലകൾ.

അവ നിറയെ കായ്ക്കുന്നു.
ശിരസ്സ് മരത്തുഞ്ചു പോലെ വിടരുന്നു.

അതിൽ വവ്വാലുകൾ
പക്ഷിത്വത്തിനും  ജന്തുത്വത്തിനുമിടയിൽ
നിർവചിക്കപ്പെടാതെ തൂങ്ങിക്കിടക്കുന്നു
എന്റെ മുടി പൂക്കൾ ചാർത്തുന്നു.
പൂമ്പാറ്റകൾ തേൻ തേടി
ഒരു പരിവേഷം പോലെ
എന്റെ ശിരസ്സു പൊതിയുന്നു

നോക്കി നോക്കി നിൽക്കെ
പക്ഷികൾ ഓരോന്നും
അക്ഷരമായി പരിണമിക്കുന്നു.
പക്ഷികളുടെ അക്ഷരമാല.

കാറ്റ് അവയ്ക്കിടയിലൂടെ
കടന്നു പോകുന്നുണ്ട്
അവ പല തരം ശബ്ദങ്ങളുണ്ടാക്കുന്നുണ്ട്
വരികളായി നിരക്കുന്നുണ്ട്,
മുഴങ്ങുന്നുണ്ട്
അങ്ങോട്ടുമിങ്ങോട്ടും സ്ഥാനം മാറുന്നുണ്ട്
കൂടിച്ചേർന്നു മറ്റൊന്നാകുന്നുണ്ട്
പാടുകയും കഥ പറയുകയും ചെയ്യുന്നുണ്ട്
അവയുടെ ഓർമ്മയിൽ പൊയ്പ്പോയ
കുന്നുകളും കാടുകളുമുണ്ട്
വറ്റിയ പൊയ്കകളും അരുവികളുമുണ്ട്
മേൽക്കൂരകളും ടെലഫോൺകമ്പികളും
അവയിലൂടെ കടന്നു പോകുന്ന

നിലവിളികളുമുണ്ട്
വൈദ്യുതിയുടെ പൊള്ളുന്ന വ്യാകരണമുണ്ട്

ഇലകളുടെ ഒരു നിഘണ്ടുവാകുന്നു വൃക്ഷം
എന്റെ കൊമ്പുകൾ നിറയെ കവിത.
മേഘങ്ങളുടെ ചരിത്രം.*

*മേഘങ്ങളുടെ ചരിത്രം( A History of Clouds): ജർമൻ കവി ഹാൻസ് മാഗ്നസ് എൻസെൻസ്ബർഗരുടെ പുതിയ കവിതാസമാഹാരത്തിന്റെ ശീർഷകം

# മന്ത്രവാദിനി

എന്റെ അമ്മ മന്ത്രവാദിനിയായിരുന്നു
അവർ രാത്രികളിൽ പൂച്ചകളോടൊത്ത്
നൃത്തം ചെയ്യുന്നത് എന്റെ മകൾ കണ്ടിട്ടുണ്ട്
ഗൌളികൾ അവരുടെ വിളി കേൾക്കുമായിരുന്നു
എട്ടുകാലികളുടെ എട്ടു കാലുകളും ചൂണ്ടുവിരൽ കൊണ്ട്
അവർ ചൊൽപ്പടിക്ക് നിർത്തി
അവരുടെ ഒറ്റ നോട്ടത്തിൽ പാറ്റകൾ
കൈകാലുകളുയർത്തി മലർന്നു കിടന്നു

അവരുടെ കാലടിയൊച്ച കേട്ടാൽ എലികൾ
ഇരുളിൽ തങ്ങളെ പറഞ്ഞയച്ച
യക്ഷികളുടെ മടിയിലേക്ക് തിരിച്ചു പോയി
മൂങ്ങകൾ മൂളുമ്പോൾ അവർ തിരിച്ചു മൂളി

പെറാത്ത പൈക്കളും അവർക്കായി പാൽചുരത്തി

തെങ്ങുകൾ അവരെ കാണുമ്പോൾ കുനിഞ്ഞു
കരിക്കുകൾ പൊഴിച്ചു കൊടുത്തു
അവരുടെ തലോടലിൽ മാവുകൾ പൂത്തു
വീട്ടിലെ തവികളും തളികകളും  പോലും
അവർ പറയും പോലെ അണി നിരന്നു.

പ്രേതങ്ങൾ അവരെ കാണുമ്പോൾ
അയൽക്കാരികളാണെന്നു ഭാവിച്ചു ചിരിച്ചു

അവർക്ക് പുല്ലുകളുടെയും ഉറുമ്പുകളുടെയും
നിഘണ്ടു കാണാതെ അറിയാമായിരുന്നു
പല പര്യായങ്ങളുപയോഗിച്ച് അവർ
മഴയുടെ താളങ്ങളും കാറ്റിന്റെ കാലങ്ങളും മാറ്റി
ഇടിമിന്നൽ ചുഴറ്റി മേഘങ്ങളെ തന്റെ വഴിയിൽ മേയ്ച്ചു

അമ്മയുടെ ശിരസ്സിനു ചുറ്റും
ചിത്രശലഭങ്ങളുടെ ഒരു വലയമുണ്ടായിരുന്നു
കാക്കകളെ ഓരോന്നിനെയും അവർ
പൂർവ്വജന്മങ്ങൾ കൊണ്ട് തിരിച്ചറിഞ്ഞു
അണ്ണാന്മാരെ  അവരുടെ വരകളിലൂടെ
പേർ വായിച്ചു വിളിച്ചു മലയാളം പഠിപ്പിച്ചു

അച്ഛന്റെ മലമുകളിലെ മരണം അവർ
മുറുക്കിത്തുപ്പിയതിന്റെ ഭൂപടം നോക്കി പ്രവചിച്ചു
ആ ഉടുപ്പുകൾ തിരിച്ചു വന്നപ്പോൾ അവയിൽ
അച്ഛനുണ്ടെന്നപോലെ കെട്ടിപ്പിടിച്ചു
കാക്ക വിരുന്നു വിളിക്കും മുൻപേ
അവർ അതിഥികൾക്ക്   അരി അടുപ്പത്തിട്ടു

പിറക്കാനിരിക്കുന്ന ഓരോ പേരക്കുട്ടിക്കും
തെങ്ങും വാഴയും ചീരയും വെണ്ടയും നട്ടു.

അമ്മയ്ക്കു പ്രവചിക്കാൻ കഴിയാതിരുന്നത്
അവരുടെ ലോകത്തിന്റെ അവസാനം മാത്രമാണ്
അതിന്റെ ഇരുട്ടിലിരുന്നാണ്ഞാൻ ഓരോന്ന്
ഓർത്തെടുക്കുന്നത്: അറ, പറ, മുറം, മുഴം,
തേക്കുപാട്ടുകൾ, വെറ്റിലപ്പാട്ടുകൾ,
നെൽവിത്തുകളുടെ ആരുകളുള്ള പേരുകൾ,
എന്റെ കറുകറുത്ത വേരുകൾ.